പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- T.7650 23.07.2012 ലെ മറുപടിയ്ക്ക്

**കണ്ണൂർ ജില്ലയിലെ നീതിന്യായ വകുപ്പിൽ പ്രോസ്സസ് സർവർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി | |
| (എ) | കണ്ണൂർ ജില്ലയിലെ നീതിന്യായ വകുപ്പിൽ പ്രോസ്സസ് സർവർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളാണ് ഉളളത്; | (എ) | 17 ഒഴിവുകൾ |
| (ബി) | പ്രോസ്സസ് സർവർ തസ്തികയിൽ ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും നിയമപരമായി ഇപ്പോൾ എന്തെങ്കിലും തടസ്സം ഉണ്ടോ; | (ബി) | നീതിന്യായ വകുപ്പിലെ ഡഫേദാർ, കോർട്ട്കീപ്പർ, പ്യൂൺ എന്നീ തസ്തികകളിലെ ജീവനക്കാരിൽ നിന്ന് പ്രോസ്സസ് സർവ്വർ തസ്തികയിലേക്ക് ബൈട്രാൻസ്ഫർ/പ്രൊമോഷൻ വഴി നിയമനം നൽകാൻ യോഗ്യരായ ജീവനക്കാർ ഇല്ലാത്ത സാഹചര്യത്തിൽ മാത്രമേ പി.എസ്.സി.മുഖേന നേരിട്ട് നിയമനം നടത്തുവാൻ നിലവിൽ വ്യവസ്ഥയുള്ളൂ. |
| (സി) | പ്രോസ്സസ് സർവർ തസ്തികയിലേക്ക് നേരിട്ടുളള നിയമനത്തിനും പ്രൊമോഷൻ വഴിയുളള നിയമനത്തിനും അനുപാതം നിശ്ചയിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഹൈക്കോടതിയുടെ ശുപാർശ ലഭിക്കുന്ന മുറക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.